പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4619 — 28.6.2013-ൽ മറുപടിക്ക്

## നിരോധിച്ച പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ. പ്രദീപ്കുമാർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ നിരോധിച്ചപ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ വിൽപ്പന തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ; | എ) | കോഴിക്കോട് നഗരസഭയിൽ നിരോധിച്ച പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ വിൽപ്പന തടയുന്നതിനായി നഗരസഭ പരിധിയിലെ വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിന് ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ എത്ര പരിശോധന നടത്തിയെന്നും , എന്തു തുക പിഴയായി ഈടാക്കിയെന്നും വിശദമാക്കുമോ? | ബി) | 2011-12 കാലയളവിൽ 1976 പരിശോധനകൾ നടത്തി, 467 കി.ഗ്രാം നിരോധി[redacted] പ്ലാസ്റ്റിക് ഉൽപന്നങ്ങൾ പിടിച്ചെടുക്കുകയും 71546/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. 2012-13 കാലയളവിൽ 3418 പരിശോധനകൾ നടത്തി. 1237 കി.ഗ്രാം പിടിച്ചെടുക്കുകയും 125820/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ